(6) കാസർഗോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഒരു ഡിവിഷൻ ഓഫീസ് അനുവദിക്കണമെന്ന ആവശ്യം

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, കാസർഗോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഒരു ഡിവിഷൻ ഓഫീസ് അനുവദിക്കണമെന്ന ആവശ്യമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. തീരദേശ ജില്ലകളിൽ ഹാർബർ എഞ്ചിനീയറിന്റെ ഡിവിഷൻ ഓഫീസ് ഇല്ലാത്ത ഏക ജില്ല കാസർഗോഡ് ജില്ലയാണ്. മഞ്ചേശ്വരം, കാസർഗോഡ്, ചെറുവത്തൂർ എന്നീ ഹാർബറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയും ബേക്കൽ ഹാർബറിന്റെയും അതുപോലെ ചില ഫിഷ് ലാന്റിംഗ് സെന്ററുകളുടേയും ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ നടക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന സാനിറ്റേഷൻ പ്രവർത്തനങ്ങളും, കുടിവെള്ള പദ്ധതിയും അതുപോലെതന്നെ തീരദേശ റോഡുൾപ്പെടെയുള്ള പ്രവർത്തനങ്ങളും ഏകീകൃതമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ അവിടെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഒരു ഡിവിഷൻ ഓഫീസ് അത്യന്താപേക്ഷിതമാണ്. അത് അടിയന്തരമായി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, കാസർഗോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഒരു ഡിവിഷൻ ഓഫീസ് അനുവദിക്കേണ്ടതിന്റെ ആവശ്യകത ഇപ്പോൾ ഇല്ല. കാസർഗോഡ് ജില്ലയിൽ ഇന്നുള്ള ചെറിയ ചെറിയ പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നത് കണ്ണൂരിലെ അഴീക്കൽ സബ് ഡിവിഷൻ ഓഫീസാണ്. സാധാരണയായി ഒരു മേജർ പദ്ധതിപോലുള്ള, ഉദാഹരണത്തിന് മത്സ്യബന്ധന തുറമുഖം പോലുള്ള നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് ഡിവിഷൻ ഓഫീസ് അനുവദിക്കുന്നത്. ചെറുവത്തൂർ, നീലേശ്വരം, കാസർഗോഡ് എന്നിവിടങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങളുടെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നതേയുള്ളൂ. 50 ശതമാനം കേന്ദ്ര സഹായത്തോടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതികൾക്ക് അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് ഡിവിഷൻ ഓഫീസിനെക്കുറിച്ച് ആലോചിക്കാം. അല്ലാതെ ഒരു പണിയും ഇല്ലാതെ ഡിവിഷൻ ഓഫീസ് തുറന്നിട്ട് എന്ത് പുരോഗതിയാണുള്ളത് ?

(7) ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം

ശ്രീ. എം. മുരളി : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2000 നവംബർ 14-ന് സുപ്രീംകോടതി അന്നുവരെ നമ്മുടെ സംസ്ഥാനത്ത് നിയമിക്കപ്പെട്ട ഹയർ സെക്കന്ററി അദ്ധ്യാപകരെ സ്ഥിരപ്പെടുത്തണമെന്നും അവരുടെ യോഗ്യത നിർണ്ണയിക്കാൻ മൂന്ന് മാസത്തിനുള്ളിൽ സ്പെഷ്യൽ റൂൾസ് ആവിഷ്ക്കരിക്കണമെന്നും വിധി പുറപ്പെടുവിക്കുകയുണ്ടായി. ആ മൂന്നു മാസക്കാലത്തേയ്ക്ക് ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ പുതിയ അദ്ധ്യാപക നിയമനം പാടില്ലെന്നും സുപ്രീംകോടതി നിർദ്ദേശിച്ചു. ഇതനുസരിച്ച് 2000 നവംബർ 14 മുതലുള്ള മൂന്നു മാസക്കാലം 2001 ഫെബ്രുവരി 14-ാം തീയതിയ്ക്കുള്ളിൽ സ്പെഷ്യൽ റൂൾസ്

LIBRARY ARCHIVES Kerala Legislative Assembly